"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - പരേതയായ വി.ബി ഓമനയുടെ മകൾ ശ്രീമതി.രാഖി.ഒ.ബി. - യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നല്കിയ നിയമനം റദ്ദാക്കിക്കൊണ്ടും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിലെ പാലക്കാട് ജില്ലയിലുള്ള ഒഴിവിലേക്ക് നിയമനം നൽകി കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.88/2026/H&FWD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-
1. സ.ഉ (അ) നം. 45/91/ഉഭപവ തീയതി 30.12.1991.
2. സ.ഉ (അ) നം. 12/99/ഉഭപവ തീയതി 24.05.1999.
3. സ.ഉ (അ) നം. 33/2014/ഉഭപവ തീയതി 26.09.2014.
4. സ.ഉ.(കൈ.)നം.10/2021/ആ.കു.വ തീയതി 11.01.2021
5. ശ്രീമതി.രാഖി.ഒ.ബി. 25.10.2024 ൽ സമർപ്പിച്ച അപേക്ഷ
6. സ.ഉ (കൈ) നം. 421/2025/ആ.കു.വ തീയതി 05.12.2025
7. സ.ഉ.(അ.)നം.4/2025/പി&എ.ആർ.ഡി തീയതി 29.03.2025
8. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 30.10.2023 ലെ DHS/18581/2023-EH4 നം. കത്ത്

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ അഞ്ചൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട വി.ബി ഓമനയുടെ മകൾ ശ്രീമതി.രാഖി ഒ.ബി-യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (4) പ്രകാരം നിയമനം നൽകുകയും, ടി നിയമനം വൈകുന്നതിനാൽ ടിയാൾ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലേയ്ക്ക് പരാമർശം (5) പ്രകാരം സമർപ്പിച്ച തസ്തികമാറ്റ അപേക്ഷ പരിഗണിച്ച് എം.എസ്.സി (മാത്തമാറ്റിക്സ്) ബിരുദാനന്തര ബിരുദധാരിയായ അപേക്ഷകയ്ക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിലേയ്ക്ക് വേണ്ട വിദ്യാഭ്യാസ യോഗ്യതയുള്ളതിനാൽ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II തസ്തികയിലേക്ക് തസ്തികമാറ്റ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിക്കൊണ്ട് പരാമർശം (6) ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.രാഖി.ഒ.ബി., എം.എസ്.സി. പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ടിയാൾക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ട്. 12/06/1992-ൽ ജനിച്ച അപേക്ഷകയ്ക്ക് ഇപ്പോൾ 35 വയസ്സ് പൂർത്തിയായിട്ടുണ്ട്. ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള പരാമർശം (2) ലെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും അപേക്ഷകയുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്. തസ്തിക മാറ്റ അപേക്ഷ തീയതി 25.10.2024 ആണ്.

3. മേൽ സാഹചര്യത്തിൽ പരാമർശം (2) ലെയും (3) ലെയും സർക്കാർ ഉത്തരവുകളിലെ

വ്യവസ്ഥകൾക്ക് വിധേയമായി. അപേക്ഷ തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ വയസ്സ്, യോഗ്യത, സ്വഭാവം, മുൻകാലചരിത്രം, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ച ശേഷം, ചട്ടപ്രകാരമുള്ള മറ്റു നടപടികൾ പാലിച്ച് കൊണ്ട് സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ യഥാവിധി നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകയുടെ സമീപകാല പാസ്പോർട്ട് സൈസ് ഫോട്ടോ നിയമനാധികാരി മുമ്പാകെ അപേക്ഷക ഹാജരാക്കേണ്ടതാണ്. നിയമന ഉത്തരവിന്റെ പകർപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

4. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷിക്കുന്ന വ്യക്തിക്ക് നിയമനത്തിനായി സൗകര്യപ്രദമായ ജില്ല തെരഞ്ഞെടുക്കുവാൻ അർഹതയുണ്ട്. ടിയാൾക്ക് തെരഞ്ഞെടുത്ത ജില്ലയിൽ അല്ലാതെ മറ്റൊരു ജില്ലയിൽ നിയമനം നൽകുന്നതിനാൽ ഏറ്റവും അടുത്ത അവസരത്തിൽ തെരഞ്ഞെടുത്ത കൊല്ലം ജില്ലയിലേക്ക് സീനിയോരിറ്റി നഷ്ടപ്പെടാതെ തന്നെ സ്ഥലംമാറ്റം നൽകേണ്ടതാണ്.

5. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള അപേക്ഷയിൽ എന്തെങ്കിലും കാര്യങ്ങൾ ഒളിച്ചു വയ്ക്കുകയോ, തെറ്റായി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ട് എന്ന് പിന്നീട് വെളിവാക്കപ്പെടുകയാണെങ്കിൽ ഈ നിയമനം റദ്ദ് ചെയ്യുന്നതാണ്. ശ്രീമതി.രാഖി.ഒ.ബി.-യ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ പരേതയായ ജീവനക്കാരിയുടെ സേവന പുസ്തകത്തിലും പരേതയായ ജീവനക്കാരി അവസാനമായി ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെൻ്റ് രജിസ്റ്ററിലും ചേർത്ത് ഓഫീസ് തലവൻ/വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

6. ഒരു ഉദ്യോഗസ്ഥന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച് പരാമർശം 1 വ്യവസ്ഥകൾ നിയമനാധികാരി പുറപ്പെടുവിക്കുന്ന ശ്രീമതി.രാഖി.ഒ.ബി.യുടെ നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ചിത്ര കെ ദിവാകരൻ

ജോയിന്റ് സെക്രട്ടറി

ശ്രീമതി. രാഖി ഒ.ബി, രാഹുൽ ഭവൻ, കുതിരച്ചിറ, പുനലൂർ പി.ഒ, കൊല്ലം – 691 305 (രജിസ്റ്റേർഡ് തപാലിൽ)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം.
ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, അഞ്ചൽ, കൊല്ലം
പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ (C3/949/2023-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 12-03-2026 10:43:17